"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - കടുത്തുരുത്തി നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച മുളക്കുളം ഗ്രാമ പഞ്ചായത്ത് പെരുവ അവർമ്മ ലിങ്ക് റോഡ് ഇംപ്രൂവ്പെന്റ്സ് എന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.935/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/05/2020

---

പരാമർശം:- 1 06/07/17-ലെ സ. ഉ (ആർ.റ്റി ) 2304/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.01.2020 ലെ എ ബി 1/ ഡിബി6/ 17472/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്

3 29/02/2020-ലെ സ. ഉ (ആർ.റ്റി) 1709/2020/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

കടുത്തുരുത്തി എം.എൽ.എ. യുടെ 2016 -17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും മുളക്കുളം ഗ്രാമ പഞ്ചായത്ത് പെരുവ അവർമ്മ ലിങ്ക് റോഡ് ഇംപ്രൂവ്പെന്റ്സ് എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 32.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്താക്കായി മെറ്റലിംഗ് ടാറിംഗ് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ നടത്തി എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ് എന്നും എന്നാൽ വർഷകാലത്ത് വളരെയേറെ ശക്തമായ വെള്ളപ്പൊക്കത്തിൽ ടി റോഡ് ടാറിംഗ് ചെയ്താൽ പെട്ടെന്ന് തകരാറിലാകുവാൻ സാധ്യത ഉള്ളതിനാൽ നിലവിൽ ഭരണാനുമതി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിന് സാധ്യമല്ല എന്നും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ടാറിംഗിന് പകരം കോൺക്രീറ്റ് റോഡ് ചെയ്യുന്നതിനായി ഭരണാനുമതി തുകയിൽ നിജപ്പെടുത്തി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിക്കുകയുണ്ടായി. ഭരണാനുമതി പുതുക്കുന്നതിന് പരാമർശം (3) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മുളക്കുളം ഗ്രാമ പഞ്ചായത്ത് പെരുവ അവർമ്മ ലിങ്ക് റോഡ് ഇംപ്രൂവ്പെന്റ്സ് എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) ഉത്തരവ് ഭേദഗതി ചെയ്ത് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

**അഡ്വ. മോൻസ് ജോസഫ് എം എൽ എ**, കടുത്തുരുത്തി(ആമുഖ കത്ത് സഹിതം).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം ഡിവിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്).

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത്,കോട്ടയം.

ധനകാര്യ നോഡൽസെന്റർ(ബി) വകുപ്പ്(ഇ-ഫയൽ - 1450931/NCB3/20/Fin).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ